## പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 27. 10.12.2012 ന് മറുപടിയ്ക്ക്.

## കാട്ടാനശല്യം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കൃഷിഭൂമിയിലും മനുഷ്യരുടെ വാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാനകളെ തുരത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ; | (എ) കൃഷിഭൂമിയിലും മനുഷ്യരുടെ വാസ സ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാനകളെ തുരത്തുന്നതിനായി കാട്ടാനശല്യം കൂടുതലുള്ള പ്രദേശങ്ങളിൽ ആന പ്രതിരോധ കിടങ്ങുകൾ, സൗരോർജ്ജ-വൈദ്യുത കമ്പിവേലികൾ, ആന പ്രതിരോധ മതിലുകൾ മുതലായവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ വയനാട്ടിൽ നബാർഡിന്റെ ധനസഹാ യത്തോടെ 6 കോടി രൂപ ചെലവഴിച്ച് സൗരോർജ്ജ കമ്പിവേലി നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി കേരളാ വനം വികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്നു. കാട്ടിൽ നിന്ന് നാട്ടിലേ-ക്കിറങ്ങി കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് തുരത്തിയോടിക്കുന്നതിനായി റെയിഞ്ചാഫീസർമാരുടെ നേതൃത്വത്തിൽ വയനാട്, കണ്ണൂർ, പാലക്കാട്, നിലമ്പൂർ, റാന്നി, കോഴിക്കാട്, മണ്ണാർക്കാട്, പേപ്പാറ എന്നീ സ്ഥലങ്ങൾ ആസ്ഥാനമാക്കി 8 റാപ്പിഡ് റെസ്പോൺസ് ടീമുകളെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി സ്ഥിരം ടാസ്ക് ഫോഴ്സ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) മേൽ ഉത്തരത്തിൽ പ്രതിപാദിച്ചിട്ടുള്ളതു പ്രകാരം 8 സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകളെ നിയോഗിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടാതെ പരിശീലനം സിദ്ധിച്ച കുങ്കി ആനകളെ ഉൾപ്പെടുത്തി ഇത്തരം സന്ദർഭങ്ങൾ കൈകാര്യം ചെയ്യുന്നതിനായി എലിഫന്റ് സ്ക്വാഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും, അത്തരത്തിലുള്ള ആദ്യത്തെ എലിഫന്റ് സ്ക്വാഡ് വയനാട്ടിൽ രൂപീകരിക്കുവാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (സി) ട്രാസ്ക് ഫോഴ്സിന്റെ പ്രവർത്തന രീതികൾ എന്തൊക്കെയാണ്; | (സി) നിലവിലുള്ള റാപ്പിഡ് റെസ്പോൺസ് ടീം, ആനകൾ കാടിനു വെളിയിൽ ഇറങ്ങുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ ഈ പ്രദേശങ്ങളിൽ എത്തിച്ചേരുകയും ആനകളെ കാട്ടിലേക്ക് തിരിച്ചയയ്ക്കുവാൻ നാട്ടുകാരുടേയും, വനം വകുപ്പ് നിയോഗിക്കുന്ന വാച്ചർമാരുടേയും സഹായത്തോടെ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഭാവിയിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന എലിഫന്റ് സ്ക്വാഡിൽ പരിശീലനം സിദ്ധിച്ച കുങ്കി ആനകളും വിദഗ്ധരായ വെറ്ററിനറി ഡോക്ടർമാരും ഉൾപ്പെടുന്നതാണ്. ഈ സ്ക്വാഡിന്റെ സേവനം ഉപയോഗിച്ച് ശല്യക്കാരായ ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ ഉൾക്കാട്ടിലേക്ക് തിരിച്ച് അയക്കാൻ ശ്രമിക്കുന്നതും ഇതു വിജയിക്കാത്ത സാഹചര്യമുണ്ടായാൽ മയക്കുമരുന്ന് വെടിവച്ച് അവയെ ആ പ്രദേശത്തു നിന്നും മാറ്റുന്നതുമാണ്. |
| (ഡി) എവിടെയെല്ലാമാണ് ഇവയുടെ പ്രവർത്തനം പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ? | (ഡി) ആരംഭത്തിൽ വയനാട് ജില്ലയിലും പിന്നീട് പ്രശ്നത്തിന്റെ രൂക്ഷത അനുസരിച്ച് മറ്റിടങ്ങളിലും രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.